| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| ഒൻപതാം സമ്മേളനം | | | |
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1591 | | 14.06.2013-ൽ മറുപടിക്ക് | |
| കുട്ടികൾക്കെതിരെയുള്ള ക്രൂരതകൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.പി.ബി.അബ്ദുൾ റസാക് | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | കുട്ടികൾക്കെതിരെയുള്ള ക്രൂരത വെളിപ്പെടുത്തുന്ന സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും, കുട്ടികളുടെ സുരക്ഷിതത്വവും അവകാശങ്ങളും ഉറപ്പാക്കുവാനും എന്തെല്ലാം നടപടികൾ സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ചു വരുന്നു; | (ബി) | കുട്ടികൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനായി ചൈൽഡ് ലേബർ (പ്രൊഹിബിഷൻ ആന്റ് റെഗുലേഷൻ) ആക്ട് 1986, ബാലനീതി (ശ്രദ്ധയും സംരക്ഷണവും) നിയമം 2000, ശൈശവ വിവാഹ നിരോധന നിയമം 2006, ഇമ്മോറൽ ട്രാഫിക് (പ്രിവൻഷൻ) ആക്ട് 1956, ദി പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് ആക്ട് 2012, എന്നീ നിയമങ്ങൾ നിലവിലുണ്ട്.<br><br>സംസ്ഥാനത്ത് കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് റൂൾസിന്റെ വിജ്ഞാപനം പുറപ്പെടുവിക്കുകയും ടി കമ്മീഷന്റെ ചെയർപേഴ്സണായി ശ്രീമതി.നീലാഗംഗാധരൻ, ഐ.എ.എസ് (റിട്ട)-നെ നിയമിച്ചിട്ടുണ്ട്. അംഗങ്ങളെ നിയമിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു.<br><br>കൂടാതെ കുട്ടികളുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി എല്ലാ ജില്ലകളിലും ജുവനൈൽ ജസ്റ്റിസ് ബോർഡും ചൈൽഡ് വെൽഫയർ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ബാല നീതി നിയമത്തിലെ വകുപ്പ് 27 പ്രകാരം |

| | | | |
|---|---|---|---|
| | | | കുട്ടികളോട് അതിക്രമം കാണിക്കുന്ന കുറ്റവാളികളെ വാറന്റ് ഇല്ലാതെ അറസ്റ്റ് ചെയ്യുന്നതിനായി സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്. ശൈശവ വിവാഹ നിരോധന ആക്ട് പ്രകാരം ശിശു വികസന പദ്ധതി ഓഫീസർമാരെ ശൈശവ വിവാഹ നിരോധന ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും, അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകളെയും കുട്ടികളെയും പുനരധിവസിപ്പിക്കുന്നതിനുമായി നിർഭയ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| (സി) | അനാഥരും, നിരാലംബരുമായ കുട്ടികളെക്കുറിച്ച് സമഗ്ര സർവ്വെ നടത്തി വിവരശേഖരണം നടത്തുന്ന കാര്യം പരിഗണിക്കുമോ? | (സി) | പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ